ഉത്തരം

(എ) 7 അനധികൃത മത്സ്യ മാർക്കറ്റുകളും മറ്റ് 13 അനധികൃത മാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) 7 മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) നടപടി എടുക്കുന്നതാണെന്ന് തിരുവനന്തപുരം നഗരസഭ അറിയിച്ചിട്ടുണ്ട്.

മാംസ മാർക്കറ്റുകൾ വൃത്തിയും വെടിപ്പുമുള്ളവയാക്കി തീർക്കുവാൻ നടപടി

124 (1593) ശ്രീ. കെ. ബാബു :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വി. ബാലറാം :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ മാംസ മാർക്കറ്റുകൾ വൃത്തിയും വെടിപ്പും ഉള്ളവയാക്കിത്തീർക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(ബി) കശാപ്പു ചെയ്യുന്ന മൃഗങ്ങളുടേയും പക്ഷികളുടേയും അവശിഷ്ടങ്ങൾ നീക്കം ചെയ്യുവാനും മറവു ചെയ്യുവാനും എന്തെല്ലാം ഏർപ്പാടുകൾ നിലവിലുണ്ട് ;

(സി) നിരത്തുകളിലും റോഡുകളിലും ഇത്തരം അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നവരെ കണ്ടുപിടിക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതു മാർക്കറ്റുകളിലെ മാംസം വിൽക്കുന്ന സ്റ്റാളുകളും പരിസരവും എല്ലാ ദിവസവും നഗരസഭാ തൊഴിലാളികൾ ശുചീകരണം നടത്തി വരുന്നുണ്ട്. കൂടാതെ മാംസാവശിഷ്ടങ്ങളും മറ്റ് മാലിന്യങ്ങളും പരിസരത്ത് വലിച്ചെറിയാതെ നഗരസഭ സ്ഥാപിച്ചിട്ടുള്ള ചവർ വീപ്പകളിൽതന്നെ നിക്ഷേപിക്കണമെന്ന് കച്ചവടക്കാർക്ക് നഗരസഭ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കശാപ്പു ചെയ്യുന്ന മൃഗങ്ങളുടെയും പക്ഷികളുടെയും അവശിഷ്ടങ്ങൾ ദിവസവും വൈകിട്ട് 6 മണി മുതൽ 8 മണി വരെ മണക്കാട് താൽക്കാലിക ചവർ ഡിപ്പോയിൽ സജ്ജമാക്കി നിർത്തിയിട്ടുള്ള വാഹനത്തിൽ നിക്ഷേപിക്കുവാൻ ഹെൽത്ത് ഇൻസ്പെക്ടർമാർ മുഖാന്തിരം ഇറച്ചിവ്യാപാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം എത്തിക്കുന്ന അവശിഷ്ടങ്ങൾ അതാത് ദിവസം തന്നെ വിളപ്പിൽശാല ചവർ സംസ്ക്കരണശാലയിൽ എത്തിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിരത്തുകളിലും തോടുകളിലും മാംസാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നവരെ കണ്ടെത്തി അവർക്കെതിരെ നടപടിയെടുക്കുവാൻ നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. അനധികൃത പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 340 പ്രകാരം നടപടിയെടുത്ത് പിഴ ഈടാക്കി വരുന്നു.

പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ ഒരു മാർക്കറ്റിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് നടപടി

125 (1594) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ ഒരു മാർക്കറ്റിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് നിവേദനം നൽകുകയോ പ്രോജക്ട് സമർപ്പിക്കുകയോ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾക്ക് നബാർഡ് സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മാർക്കറ്റിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പഞ്ചായത്ത് നബാർഡിന് നൽകിയിട്ടുണ്ട്.

(ബി)&(സി) നിർദ്ദേശങ്ങൾ നബാർഡിന്റെ പരിഗണനയിലാണ്.

ആരോഗ്യ മേഖലയിൽ ലോക ബാങ്കിന്റെ സഹായം

126 (1595) ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സാമ്പത്തിക സഹായം നല്കുന്ന സ്ഥാപനങ്ങളിൽ സഹകാര്യ സംരംഭങ്ങൾ ആരംഭിക്കണമെന്ന ഏതെങ്കിലും ഉപാധി ലോകബാങ്ക് മുന്നോട്ട് വച്ചിട്ടുണ്ടോ ;

(ബി) ലോകബാങ്കുമായി ഇക്കാര്യത്തിൽ ഉണ്ടാക്കിയ കരാറിന്റെ പൂർണ്ണരൂപം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തിനായുള്ള പദ്ധതികൾ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. ഉപാധികളെക്കുറിച്ചുള്ള തീരുമാനമൊന്നും ആയിട്ടില്ല.

(ബി) കരാറുകളൊന്നും ഉണ്ടാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly